# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.340

15.03.2017-ൽ മറുപടിക്ക്

## മുദ്രപ്പത്രങ്ങളുടെ വിതരണം ട്രഷറി മുഖാന്തിരമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.ഡോ.എൻ. ജയരാജ് | ശ്രീ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) നിരന്തര ആവശ്യങ്ങൾക്കുള്ള 20, 50, 100 രൂപയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യംമൂലം അത്യാവശ്യക്കാരായ സാധാരണക്കാർ 500 രൂപയുടെ മുദ്രപ്പത്രം വാങ്ങാൻ നിർബ്ബന്ധിതരാകുന്നു. അവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; | ബി) 20, 50, 100 രൂപയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി 500 രൂപയുടെ മുദ്രപ്പത്രം വാങ്ങി ഉപയോഗിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| സി) സംസ്ഥാനത്തിനകത്ത് എല്ലാ ജില്ലകളിലും മുദ്രപ്പത്രങ്ങളുടെ വിതരണച്ചുമതല ഏതു ഡിപ്പോയിലാണെന്നും പ്രസ്തുത ഡിപ്പോയിൽ മുദ്രപത്രങ്ങളുടെ നിലവിലെ ലഭ്യത എപ്രകാരമാണെന്നും വ്യക്തമാക്കുമോ; | സി) സംസ്ഥാനത്തിന് ആവശ്യമായ മുദ്രപ്പത്രങ്ങളുടെ ശേഖരണവും വിതരണവും നടത്തുന്നത് തിരുവനന്തപുരത്തുള്ള സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ ആണ്. സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ ഇപ്പോൾ എല്ലാ ഡിനോമിനേഷനിലുമുള്ള മുദ്രപ്പത്രങ്ങൾ ആവശ്യത്തിന് സ്റ്റോക്കുണ്ട്. |
| ഡി) എല്ലാ ജില്ലകളിലും മുദ്രപ്പത്രങ്ങളുടെ വിതരണത്തിന് ട്രഷറി മുഖാന്തിരം സൗകര്യം ഒരുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) ട്രഷറികൾ മുഖേനയാണ് മുദ്രപ്പത്ര വിതരണം നടന്നുവരുന്നത്. |

സെക്ഷൻ ഓഫീസർ